PREMIER'S READING Challenge

# കുടുംബാംഗങ്ങൾക്ക് വേണ്ടിയുള്ള വിവരം- Malayalam

## എന്താണ് പ്രീമിയർസ് റീഡിങ്ങ് ചാലഞ്ച്?

സാഹിത്യ വളർച്ച കൈവരിക്കുവാനായി സൗത്ത് ആസ്ട്രേലിയൻ പ്രീമിയർ 2004ൽ ആരംഭിച്ച പരിപാടിയാണ് ഇത്. നേട്ടങ്ങൾ :

- വിദ്യാർത്ഥികളെ കൂടുതൽ പുസ്തകങ്ങൾ വായിക്കുവാനും, ആസ്വദിച്ചു വായിക്കുവാനും പ്രേരിപ്പിക്കുക.
- സാക്ഷരതയിൽ ഉന്നമനം കൈവരിക്കുക.

ഓരോ അദ്ധ്യയന വർഷത്തിലും സപ്തംബർ ആദ്യവാരത്തിനു മുൻപായി വിദ്യാർഥികൾ 12 പുസ്തകങ്ങൾ വായിക്കുക എന്നതാണ് ഈ ചാലഞ്ചിനു വേണ്ടി ചെയ്യേണ്ടത്.

## ഈ ചാലഞ്ചിനെപറ്റി എങ്ങിനെ അറിയാം?

കൂടുതൽ വിവരങ്ങൾക്ക് രക്ഷിതാക്കൾക്കും കുടുംബാംഗങ്ങൾക്കും ആയുള്ള, റീഡിങ്ങ് ചാലഞ്ച് വെബ് സൈറ്റിലെ പെയിജ് സന്ദർശിക്കുക.
http://www.premiersreadingchallenge.sa.edu.au/prc/pages/parents/families/

DECD കമ്മ്യൂണിറ്റി ലെയിസൺ ഓഫീസറെ ബന്ധപ്പെടുക. ടെലഫോൺ: 8226 2756.
കുട്ടിയുടെ സ്കൂളുമായി ബന്ധപ്പെടുക.

## വിദ്യാർത്ഥികൾ ഏതു പുസ്തകമാണ് വായിക്കേണ്ടത് ?

പ്രീമിയർസ് റീഡിങ്ങ് ചാലഞ്ച് ബുക്ക് ലിസ്റ്റിലുള്ള പുസ്തകങ്ങൾ അല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ടവ വായിക്കാം. ഇംഗ്ലീഷിതര ഭാഷാ പുസ്തകങ്ങളും വായിക്കാവുന്നതാണ്.

- റിസപ്ഷൻ – ഇയർ 7 : 8 പുസ്തകങ്ങൾ വെബ് സൈറ്റിൽ നിന്നും ബാക്കി 4 സ്വന്തം ഇഷ്ടപ്രകാരവും.
- ഇയർ 8 – ഇയർ 9 : 4 പുസ്തകങ്ങൾ വെബ് സൈറ്റിൽ നിന്നും ബാക്കി 8 സ്വന്തം ഇഷ്ടപ്രകാരവും.
- ഇയർ10, ഇയർ11, ഇയർ12 : അവരുടെ ഇഷ്ടപ്രകാരം ഏതെങ്കിലും 12 പുസ്തകം.

## പുസ്തകങ്ങൾ എവിടെ ലഭിക്കും ?

പുസ്തകങ്ങൾ സ്കൂൾ, പബ്ലിക് ലൈബ്രറികളിലും, ബുക്ക് ഷാപ്പുകളിലും ഓൺലൈൻ ബുക്ക് സൈറ്റുകളിലും ലഭ്യമാണ്.

## ഈ ചാലഞ്ച് പൂർത്തിയാക്കുന്നവർക്ക് ലഭിക്കുന്ന പാരിതോഷിതങ്ങൾ എന്തൊക്കെ ?

സർട്ടിഫിക്കറ്റ് – ഒന്നാം വർഷം
ബ്രോൺസ് – രണ്ടാം വർഷം
സിൽവർ – മൂന്നാം വർഷം
ഗോൾഡ് – നാലാം വർഷം
ചാമ്പിയൻ – അഞ്ചാം വർഷം
ലിജെൻഡ് – ആറാം വർഷം
ഹാൾ ഓഫ് ഫെയിം – ഏഴാം വർഷം
റീഡർ ഫോർ ലൈഫ് സർട്ടിഫിക്കറ്റ്(R4L):
R4L എട്ടാം വർഷം
R4L ബ്രോൺസ് – ഒൻപതാം വർഷം
R4L സിൽവർ – പത്താം വർഷം
R4L ഗോൾഡ് – പതിനൊന്നാം വർഷം
R4L ചാമ്പിയൻ – പന്ത്രണ്ടാം വർഷം
R4L ലിജെൻഡ് – പതിമൂന്നാം വർഷം
R4L ഹാൾ ഓഫ് ഫെയിം – പതിനാലാം വർഷം

## പ്രീമിയർസ് റീഡിങ്ങ് ചാലഞ്ചിൻെറ അംബാസ്സഡർമാർ ആരൊക്കെ ?

പത്തൊൻപത് ഉന്നതരായ സൗത്ത് ആസ്ട്രേലിയൻ വ്യക്തികളും ആറു അംബാസ്സഡർ ടീമുകളും ഈ ഉദ്യമത്തെ പിൻ തുണയ്ക്കുന്നുണ്ട്. അഡിലെയ്ഡ് യുണൈറ്റെഡ് ഫുട്ബാൾ ക്ലബ്ബ്, അഡിലെയ്ഡ് ലൈട്നിങ്ങ്, പോർട് അഡിലെയ്ഡ് ഫുട്ബാൾ ക്ലബ്ബ്, തണ്ടർബേർഡ്സ് നെറ്റ്ബാൾ ക്ലബ്ബ്, അഡിലെയ്ഡ് ഫുട്ബാൾ ക്ലബ്ബ്, സ്കോർപിയൻ വുമൺസ് ക്രിക്കറ്റ് ക്ലബ്ബ് എന്നിവയാണ് ടീമുകൾ.

## എത്ര വിദ്യർത്ഥികൾ പങ്കെടുക്കാറുണ്ട് ?

ഓരോ വർഷവും 95% സൗത്ത് ആസ്ട്രേലിയൻ സ്കൂളുകളിൽ നിന്നും 120,000ൽ കൂടുതൽ വിദ്യർത്ഥികൾ ഇതു പൂർത്തിയക്കാറുണ്ട്.അധികം പേരും 12ൽ കൂടുതൽ പുസ്തകം വായിക്കാറുണ്ട്.

## പ്രീമിയർസ് റീഡിങ്ങ് ചാലഞ്ചിൽ പങ്കെടുക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ എന്തൊക്കെ?

- കൂടുതൽ വായിക്കുവാനും വായന ആസ്വദിക്കുവാനുമുള്ള പ്രോത്സാഹനം.
- വായനയെ പറ്റി വ്യക്തത ലഭ്യമാക്കുക.
- വിജയ ബോധം ലഭ്യമാക്കുക.
- കുട്ടികളുടെ വായനയിൽ രക്ഷിതാക്കളുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുക.
- ലൈബ്രറി ഉപയോഗം വർദ്ധിപ്പിക്കുക.
- സാക്ഷരത മെച്ചപ്പെടുത്തുക.